**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3339** **13-07-2022 - ൽ മറുപടിയ്ക്ക്**

**അൺ സർവ്വേ ഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങളിലെ അൺസർവ്വേ ഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിലെ തീരദേശ പ്രദേശങ്ങളിലെ അൺസർവ്വെ ഭൂമി തിട്ടപ്പെടുത്തുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ റീസർവ്വെ പദ്ധതിയുടെ ഭാഗമായി അൺസർവ്വെ ഭൂമി ഉൾപ്പെടെയുള്ള എല്ലാ ഭൂമികളും സർവ്വെ ചെയ്ത് ഡിജിറ്റൽ റിക്കാർഡ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഇത്തരത്തിലുള്ള അൺ സർവ്വേ ഭൂമിയും സർക്കാർ പുറമ്പോക്ക് ഭൂമിയും പൊതു ആവശ്യത്തിന് നൽകണമെന്നാവശ്യപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അപേക്ഷ നൽകിയിട്ടുണ്ടോ; ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | സർക്കാർ പുറമ്പോക്ക് ഭൂമിയ്ക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം ഏങ്ങണ്ടിയൂർ വില്ലേജ് സർവ്വെ 22/1 ൽ പ്പെട്ട 20 സെന്റ് ഭൂമി ഏങ്ങണ്ടിയൂർ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ